"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി അഡ്വ. വേണുഗോപാലൻ നായർ പി.-യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.73/2024/LAW തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:-
1. 04.01.2023 തീയതിയിലെ സ.ഉ. (കൈ)നം.1/2023/നിയമം നമ്പർ ഉത്തരവ്.
2. 09.06.2024 തീയതിയിലെ കാസറഗോഡ് ജില്ലാ കളക്ടറുടെ DCKSGD/1266/2024/SS1 നമ്പർ കത്ത്.
3. 26.06.2024 തീയതിയിലെ സ.ഉ. (കൈ)നം.48/2024/നിയമം നമ്പർ ഉത്തരവ്.
4. 09.08.2019 തീയതിയിലെ സ.ഉ. (കൈ)നം.68/19/നിയമം നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്ന അഡ്വ. ദിനേശ് കുമാർ കെ-യുടെ നിയമന കാലാവധി 29-05-2024-ൽ അദ്ദേഹം 60 വയസ് പൂർത്തീകരിച്ചതിനാൽ അവസാനിച്ചിട്ടുള്ളതാണ്. തുടർന്ന് കാസറഗോഡ് ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിയമനം നടത്തുന്നതിനായി യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ അയച്ചു തന്നിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ അഡ്വ. വേണുഗോപാലൻ നായർ പി., അനവദ്യം, ചെമ്മട്ടം വയൽ, ബല്ല പി. ഒ — 671531-യെ ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷക്കാലയളവിലേയ്ക്കോ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (3) പ്രകാരം കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ പുതിയ നിയമനം വരെ ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ അഡീഷണൽ ചാർജ്ജ് നൽകിയിരുന്ന അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി II-ലെ അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായ അഡ്വ. ചന്ദ്രമോഹൻ ജി. പുതുതായി നിയമിക്കപ്പെട്ട അഭിഭാഷകന് കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ ചാർജ്ജ് കൈമാറേണ്ടതാണ്.

പ്രസ്തുത അഭിഭാഷകന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള

ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും പരാമർശം (4)-ലെ നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കും.

ടി ഉത്തരവ് പ്രകാരം നിയമിതനായ അഭിഭാഷകൻ ചാർജ്ജ് ഏറ്റെടുക്കുന്ന തീയതി ജില്ലാ കളക്ടർ മുഖാന്തിരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

1. അഡ്വ. വേണുഗോപാലൻ നായർ പി., അനവധ്യം, ചെമ്മട്ടം വയൽ, ബല്ല പി. ഒ – 671531.
2. അഡ്വ. ചന്ദ്രമോഹൻ ജി., അഡീഷണൽ ഗവൺമെന്റ് പ്ലീഡർ & അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി-II, കാസറഗോഡ്.
3. ജില്ലാ കളക്ടർ, കാസറഗോഡ്.
4. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).
5. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം).
6. ശിരസ്തദാർ, ജില്ലാ കോടതി, കാസറഗോഡ്.
7. ഡിസ്ട്രിക്റ്റ് ലാ ഓഫീസർ, കളക്ടറേറ്റ്, കാസറഗോഡ്.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.
9. ജില്ലാ ട്രഷറി ഓഫീസർ, കാസറഗോഡ്.
10. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
11. ബഹു.നിയമ വ്യവസായ കയർ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്.
12. നിയമ സെക്രട്ടറിയുടെ പി.എ.
13. പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 2399 തീയതി, 11.09.2024)
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
15. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ.
16. നിയമ (നോഡൽ) വകുപ്പ്.
17. നിയമ (മോണിറ്ററിങ്) വകുപ്പ്.
18. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Aananth Netto Becket
Date: 12-09-2024 15:10:25

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-09-2024

ഫയൽ നം. 01/ഇൻസ്പെ.1/2024/നിയമം. ഇനം നം: 2399

വിഷയം : നിയമ വകുപ്പ് - കാസറഗോഡ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേയ്ക്ക് പാനലിൽ നിന്ന് ഒരു അഭിഭാഷകനെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

12/9/24
സെക്രട്ടറി, നിയമ വകുപ്പ്.

2399

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | നം.01/ഇൻസ്പെ.1/2024/നിയമം |
| 2. | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3. | വിഷയം | : | കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേയ്ക്ക് പാനലിൽ നിന്ന് ഒരു അഭിഭാഷകനെ നിയമിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/09/2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എൻ. ജീവൻ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09 /09/24 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10 /09/24 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10 /09/24 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 10 /09/24 |
| 15. | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 04-01-2023 തീയതിയിലെ സ.ഉ. (കൈ)01/2023/നിയമം ഉത്തരവ് പ്രകാരം കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിരുന്ന അഡ്വ. ദിനേഷ്കുമാർ കെ-യ്ക്ക് 29-05-2024 തീയതിയിൽ 60 വയസ് പൂർത്തികരിച്ചതിനാൽ ടിയാന്റെ നിയമന കാലാവധി 29-05-2024 -ന് അവസാനിച്ചിട്ടുള്ളതാണ്. തുടർന്ന് കാസറഗോഡ് ജില്ലയിലെ അഡീഷണൽ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായ അഡ്വ. ചന്ദ്രമോഹൻ ജിയ്ക്ക് പുതിയ നിയമനം നടത്തുന്നതുവരെ അധിക ചാർജ്ജ് നൽകിയിട്ടുള്ളതാണ്. തുടർന്ന് കാസറഗോഡ് ജില്ലാ കളക്ടർ 09.06.2024 തീയതിയിലെ DCKSGD/1266/2024/SS1 നമ്പർ കത്ത് മുഖേന കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടിയുള്ള യോഗ്യരായ അഭിഭാഷകരുടെ ഒരു പാനൽ സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുള്ളതും, ആയത് അനുബന്ധമായി ഇതോടൊപ്പം ചേർത്തിട്ടുള്ളതുമാകുന്നു.

3. ടി പാനലിൽ ഉൾപ്പെട്ട എല്ലാ അഭിഭാഷകരെക്കുറിച്ചും ജില്ലാ ജഡ്ജിയുമായും ജില്ലാ പോലീസ് മേധാവിയുമായും കൂടിയാലോചന നടത്തിയിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

4. 1978-ലെ കേരളാ ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ ചട്ടം 8(2)(സി)യിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.-

"In preparing the panel, the District Collector shall not include the name of any Advocate whose name was not included in the list prepared by him under clause (a) or whose name was specifically disapproved by the District and Sessions Judge on specific grounds."

കൂടാതെ, പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 (2)(d) യിൽ the character and antecedents of all persons included in the panel shall be got verified through the concerned Superintendent of Police" എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

5. സംസ്ഥാനത്തെ എല്ലാ ജില്ലയിലേയ്ക്കുമുള്ള പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും നിയമനം ക്രിമിനൽ നടപടി നിയമസംഹിത 1973-ലെ 24-ാം വകുപ്പിൽ (ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023 18-ാം വകുപ്പിൽ) പരാമർശിച്ചിരിക്കുന്ന പ്രകാരം കർശനമായി പാലിക്കേണ്ടതാണെന്ന് ഓമനക്കുട്ടൻ നായർ vs. സ്റ്റേറ്റ് ഓഫ് കേരളയിൽ (2003 (1)KLT 226) ബഹു. സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സെഷൻസ് ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാ മജിസ്ട്രേറ്റ് തയ്യാറാക്കുന്ന പാനലിൽ നിന്നുമാണ് ഒരു ജില്ലയിലെ പബ്ലിക് പ്രോസിക്യൂട്ടർമാരെയും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർമാരെയും നിയമിക്കേണ്ടതെന്നാണ് ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, 2023, 18-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

6. 1978-ലെ കേരളാ ഗവൺമെന്റ് ലാ ഓഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ജില്ലാ ഗവണ്മെന്റ് പ്ളീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെയാണ്.

7. ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

8. മേൽ സാഹചര്യത്തിൽ, കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേയ്ക്ക് കാസറഗോഡ് ജില്ലാ കളക്ടർ 09.06.2024 തീയതിയിലെ DCKSGD/1266/2024/SS1 നമ്പർ കത്ത് മുഖാന്തരം അയച്ചു തന്ന അഭിഭാഷകരുടെ പാനലിൽ നിന്നും ഒരു അഭിഭാഷകനെ ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമനം നടത്താവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി പാനലിലെ ക്രമ നമ്പർ 6 (ആറ്) ആയ അഡ്വ. വേണുഗോപാലൻ നായർ. പി (അനവധ്യം, ചെമ്മട്ടം വയൽ, ബല്ല പി. ഒ – 671531) –യെ

കാസർഗോഡ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക്ക് പ്രോസിക്യൂട്ടറായി നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ് എന്ന് ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ശിപാർശ ചെയ്തിട്ടുള്ളതും ആയതിന് ബഹു. മുഖ്യമന്ത്രി 07-09-2024 തീയതിയിൽ അനുമതി നൽകിയിട്ടുള്ളതുമാണ്.

## തീരുമാനിക്കേണ്ട സംഗതി

കാസറഗോഡ് ജില്ലാ കളക്ടർ അയച്ചു തന്ന അഭിഭാഷകരുടെ പാനലിലെ (അനുബന്ധം) ക്രമ നമ്പർ 6 (ആറ്) ആയ അഡ്വ. വേണുഗോപാലൻ നായർ. പി (അനവധ്യം, ചെമ്മട്ടം വയൽ, ബല്ല പി. ഒ – 671531) എന്ന അഭിഭാഷകനെ കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറുടെ തസ്തികയിലേയ്ക്ക് ചാർജ്ജ് എടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമിക്കാവുന്നതാണോ?

ഭരണഭാഷ മാതൃഭാഷ

DCKSGD/1266/2024/SS1

ജില്ലാ കളക്ടറുടെ കാര്യാലയം,
കാസറഗോഡ്

തീയതി : 09-06-2024

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് തിരുവനന്തപുരം 14 JUN 2024 നിയമ വകുപ്പ്

ജില്ലാ കളക്ടർ,
കാസറഗോഡ്.

സെക്രട്ടറി.
നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്.
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം: കാസറഗോഡ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ നിയമനം -പാനൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:
1) 04.01.2023 തീയതിയിലെ ജി.ഒ (എം.എസ്) നം 01/2023/നിയമം നമ്പർ ഉത്തരവ്
2) 25.01.2024 തീയതിയിലെ നിയമ (ഇൻസ്പെക്ഷൻ) വകുപ്പിലെ ഇൻസ് 1/ insp-01/2024/നിയമം നമ്പർ കത്ത്.
3) കാസറഗോഡ് ജില്ലാ ആന്റ് സെഷൻസ് ജഡ്ജിയുടെ 28.05.2024 ലെ കത്ത്
4) ജില്ലാ പോലീസ് മേധാവിയുടെ 02.03.2024ലെ എസ്.ബി 10751/2024/ ജി നമ്പർ കത്ത്

മേൽ സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കാസറഗോഡ് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടറായ ശ്രീ ദിനേഷ് കുമാർ കെ എന്നവർ 29.05.2024 തീയതിയിൽ 60 വയസ് പൂർത്തികരിച്ച് ജില്ലാ ഗവ. പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിൽ നിന്ന് വിട്ടുതൽ ചെയ്തിരിക്കുന്നു. ടി തസ്തികയിലേക്ക് പുതിയ അഭിഭാഷകരെ നിയമിക്കുന്നതിലേയ്ക്കായി യോഗ്യരായ അഭിഭാഷകരുടെ പാനൽ 1978-ലെ കേരള ഗവൺമെന്റ് ഓഫിസേഴ്സ്(അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ക്ഷണിച്ചതിൽ 13 അപേക്ഷകളാണ് ഈ കാര്യാലയത്തിൽ ലഭ്യമായത്.

1978-ലെ കേരള ഗവൺമെന്റ് ലോ ഓഫീസറുടെ (നിയമനവും സേവന വ്യവസ്ഥകളും) കേസുകളുടെ നടത്തിപ്പും ചട്ടങ്ങൾ പ്രകാരം ആറ് അഭിഭാഷകരെ കാസറഗോഡ് ജില്ലാ ആന്റ് സെഷൻസ് ജഡ്ജി ശിപാർശ ചെയ്തിട്ടുണ്ട്.

കാസറഗോഡ് ജില്ലാ പോലീസ് മേധാവി മുഖേന അഭിഭാഷകരുടെ സ്വഭാവവും പൂർവ്വകാലവും പരിശോധിച്ചു. പന്ത്രണ്ട് അഭിഭാഷകരുടെ സ്വഭാവവും മുൻകാല പ്രവർത്തനങ്ങളും തൃപ്തികരമാണെന്നും ജില്ലാ പോലീസ് മേധാവിയുടെ കൈവശമുള്ള രേഖകൾ പ്രകാരം ടി അഭിഭാഷകർ ഒരു കുറ്റകൃത്യത്തിലും ഉൾപ്പെട്ടിട്ടില്ലെന്നും ജില്ലാ പോലീസ് മേധാവിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് അഭിഭാഷകരെ അയോഗ്യരാക്കുന്ന പ്രതികൂലമായ ഒന്നും

തന്നെയില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ ക്രിമിനൽ കേസുമായി ബന്ധപ്പെട്ട് പെനാൽറ്റി ശിക്ഷ ലഭിച്ചതായി ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്ത ഒരു അപേക്ഷ പാനലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്

മേൽ സാഹചര്യത്തിൽ കാസറഗോഡ് ജില്ലയിൽ ഒഴിവ് വരുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലേക്ക് ജില്ലാ ജഡ്ജി ശിപാർശ ചെയ്ത കെ. ബാലകൃഷ്ണൻ (മുൻ അഡിഷണൽ ഗവ.പ്ലീഡർ &പബ്ലിക് പ്രോസിക്യൂട്ടർ ) , ഇ. ലോഹിതാക്ഷൻ (നിലവിൽ അഡിഷണൽ ഗവ.പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ), സിന്ധു പി , പി. രാഘവൻ (മുൻ അഡിഷണൽ ഗവ.പ്ലീഡർ &പബ്ലിക് പ്രോസിക്യൂട്ടർ), ആശലത എം (മുൻ അഡിഷണൽ ഗവ.പ്ലീഡർ &പബ്ലിക് പ്രോസിക്യൂട്ടർ), വേണുഗോപാലൻ നായർ പി എന്നി അഭിഭാഷകർ ഉൾപ്പെടെയുള്ള 12 അഭിഭാഷകരുടെ പാനൽ പട്ടികയും , മേൽ സൂചന 3), 4) കത്തുകളും തുടർ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Inbasekar K Ias
Date: 09-06-2024 17:19:56
ജില്ലാ കലക്ടർ

Panel list of Advocates for being considered for appointment as District Government Pleader & Public Prosecutor- Kasaragod District

| NO | Name and Address | Age and Date of Birth | Qualification | Years of Bar practice with Enrollment No. and Date | Remark of DPC Character and antecedents report | Remark of Dist Judge/Sessions Judge |
|---|---|---|---|---|---|---|
| 1 | K.Balakrishnan,<br>S/o Kumaran (L),<br>Chaithram,<br>Trikkannad,<br>Post Bekal-671318<br>Mob.no-9895268900 | 56 years,<br>16.03.1967 | B.A,<br>LLB | 28 years,<br>K/1182/1995,<br>Dated 27.08.1995 | Satisfied | Recommended |
| 2 | E. Lohithakshan,<br>S/o.M. Kunhiraman Nambiar,<br>'Sadgamaya',<br>M.G. Housing Colony,<br>Behind Govt College, Vidyanagar (P.O)<br>-671123<br>Mobil no- 9495235532 | 53 years<br>05.01.1971 | B.A,<br>LLB | 26 years, K/348/98,<br>dated 22.03.1998 | Satisfied | Recommended |
| 3 | Sindhu P,<br>"Padma", Near Madonna Gas Godown,<br>Ramnagar, Mavungal,<br>Anandashrama Post.-671531<br>mob -8547208217 | 47 years<br>25.04.1976 | BA,<br>LLB | 23 years,<br>K/830/2000 | Satisfied | Recommended |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | P.Raghavan,<br>S/o E.Kunhiraman Nair,<br>Ragam, Munnad<br>,Munnad Post<br>Kasargod-67 1541<br>Mobil no - 9447653095 | 51 years<br>25.06.1972 | BA,<br>LLB | 24 Years.<br>K/939/1999 dated<br>05.04.1999 | Satisfie<br>d | Recomm<br>ended |
| 5 | Ashalatha.M,<br>W/o Prakashan V,<br>Pachoos,<br>Bangalam Posts,Madikai<br>Mob -9496560742 | 44 years,<br>21.09.1978 | BA,<br>LLB | 10 years<br>K/1425/2003 Dat<br>ed<br>20.12.2003 | Satisfie<br>d | Recomm<br>ended |
| 6 | Venugopalan Nair P,<br>S/o K.Koman nair,<br>Anavadyam,<br>Chemmattamvayal,<br>post.Balla-671531.<br>Mob-9847302642 | 54 years,<br>28.05.1969 | B.com,<br>LLB | 28 years, K/1249/<br>1995 dated 11.09.1<br>995 | Satisfie<br>d | Recomm<br>ended |
| 7 | Amith A<br>Dhwani,Orcha,<br>Kottapuram Post<br>Mob-9895156420 | 44 years<br>28.01.1980 | BA.LLB | 20 years<br>K/971/2004 | Satisfi<br>ed | Not reco<br>mmende<br>d |
| 8 | Vidyadharan Nambiar A,<br>S/o K.Kunhikrishnan Nair,<br>Vaishnavam,Arattukadavu,<br>Bekal post,<br>Kasaragod-671318<br>Mob- 9048355738 | 51 years,<br>17.05.1972 | B.A, LLB,<br>DCA | 23 years<br>K/134/2000,<br>Dated05.03.2000 | Satisfie<br>d | Not reco<br>mmende<br>d |
| 9 | J Ajeeth Kumar,<br>Sreenilayam,Kanyanthil,Kasara | 45 years, | Bsc,LLB | 15 years,<br>K280/2008 dated | Satisfie | Not reco<br>mmende |

| | | | | | | |
|---|---|---|---|---|---|---|
| | god-671313. mob-9995963440 | 20.04.1979 | | 11.07.2008 | d | d |
| 10 | Indiravathi.M<br>CC 87,Chinmaya colony,<br>Opp Govt Collage,<br>Vidhyanagar Post.<br>Mob 9846918762 | 43 Years<br>10/02/1980 | LLB | 16 Years<br>K/593/2007,<br>11/11/2007 | Satisfied | Not recommended |
| 11 | Kumaran Nair,.<br>CC87,Chinmaya colony,<br>Opp Govt Collage,<br>Vidhyanagar Post.<br>Mob-9447955596 | 57 years,<br>13.02.1967 | Bsc.LLB | 26 years,<br>K/242/1997 dated -26.10.1997 | Satisfied | Not recommended |
| 12 | Saleel P.V,<br>212,Behind Sub Jail,<br>Pallam road,<br>Kasaragod-671121<br>mob-9746636387 | 54 years,<br>05.03.1969 | BA,LLB | 25 years,<br>K/977/1998 | Satisfied | Not recommended |

Signed by
Inbasekar K Ias
Date: 09-06-2024 17:18:53
DISTRICT COLLECTOR